(ബി) ഗുണ്ടാ പ്രവർത്തനം എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിരുന്നില്ല. എന്നാൽ സംഘടിത കുറ്റകൃത്യങ്ങളും അക്രമ പ്രവർത്തനങ്ങളും തടയുന്നതിനും, പൊതുജനങ്ങളുടെ സൈര്യ ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്ന ഗുണ്ടാ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി ഒരു നിയമം കേരള ഫെലോണിയസ് ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ് 2005, 15-12-05-ാം തീയതി അസാധാരണ ഗസറ്റ് വിജ്ഞാപനംവഴി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ നിരോധിക്കുന്നതിനുവേണ്ടി അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ് 15-12-2005-ൽ പുറപ്പെടുവിച്ചു. ഈ നിയമത്തിൽ അനുശാസിക്കുന്നതനുസരിച്ച് ഉപദേശക ബോർഡ് രൂപീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉപദേശക ബോർഡ് ഇല്ലാതെ ഈ നിയമം നടപ്പിലാക്കാൻ കഴിയില്ല.

(ഇ) ഇതുസംബന്ധമായി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഈ ഓർഡിനൻസ് ബില്ലായി അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പോലീസ്സ്റ്റേഷനുകളിലെ സ്ഥല പരിമിതി

90. [90] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്ഥലപരിമിതി കാരണം അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസുകാരുടെ താമസവും ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളും സുഗമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാനൂർ പോലീസ് സ്റ്റേഷനിലെ അസൗകര്യങ്ങളും എ. ആർ. പോലീസുകാരുടെ താമസത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് സേനയുടെ നവീകരണപദ്ധതിയിലും, ധനകാര്യ കമ്മീഷൻ അവാർഡിലും ഉൾപ്പെടുത്തി പോലീസുകാരുടെ താമസത്തിനായി ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും പണിതുവരുന്നു. എം. ജി. പി. പദ്ധതിയിലെ സർവ്വീസ് ഡെലിവറി പ്രോജക്ടിൽ ഉൾപ്പെടുത്തിയ തിരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

പോലീസ് സ്റ്റേഷനുകളുടെ പരിധി നിർണ്ണയത്തിലെ അശാസ്ത്രീയത

91. [91] ശ്രീ. യു. സി. രാമൻ:
,, സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
* ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ പരിധി നിർണ്ണയത്തിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) ഇല്ല. എന്നാൽ ചില പോലീസ് സ്റ്റേഷന്റെ പരിധി നിർണ്ണയത്തെ തുടർന്ന് ടി പോലീസ് സ്റ്റേഷനിലേക്കുള്ള ദൂരക്കൂടുതൽ സംബന്ധിച്ചും മറ്റും ലഭിച്ചിട്ടുള്ള പരാതി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ചാത്തന്നൂരിൽ ഡി. വൈ. എസ്. പി. ആഫീസ് സ്ഥാപിക്കാൻ നടപടി

92. [92] ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട ഡി. വൈ. എസ്. പി. ഓഫീസ് സ്ഥാപിക്കുന്നതിന് ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് പറയാമോ;

(സി) ടി ഓഫീസ് ഉടൻ പ്രവർത്തനമാരംഭിക്കാൻ വേണ്ട അനുബന്ധ കാര്യങ്ങൾ ഊർജ്ജിതമായി നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly